4. ഹൈസ്ക്കൂൾ പരിഷ്ക്കരണക്കമ്മറ്റിയിൽ ഒരു വിദ്യാർത്ഥി പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തുന്നതിന് നടപടികളെടുത്തു വരുന്നു.

5. അടുത്ത വർഷം കൂടുതൽ കോളേജുകളിൽ ഷിഫ്റ്റ് ഏർപ്പെടുത്താൻ കഴിയുമോ എന്ന കാര്യം ഗവൺമെൻറിൻെറ പരിഗണനയിലാണ്.

6. ഹരിജൻ വിദ്യാർത്ഥികളുടെയും സംഗീത കോളേജ് വിദ്യാർത്ഥികളുടെയും പ്രശ്നങ്ങൾ ഗവൺമെൻറിൻെറ പരിഗണനയിലാണ്.

മജിസ്ട്രേട്ടു കോടതികൾ

*13[13] ശ്രീ. എം. കെ. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നിയമസഭാതലത്തിൽ ഉറപ്പുകൾ നൽകിയതനുസരിച്ച് എത്ര ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ടു കോടതികൾ എവിടെയെല്ലാം സ്ഥാപിച്ചു;

(ബി) ഇനി എവിടെയെല്ലാം സ്ഥാപിക്കുവാനുണ്ട്;

(സി) ഇനിയും അവശേഷിക്കുന്ന കോടതികൾ എന്നു സ്ഥാപിക്കുമെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) കണ്ണൂരിൽ ഒരു ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ടു കോടതി സ്ഥാപിക്കുകയും, തളിപ്പറമ്പ്, മഞ്ചേരി, എറണാകുളം, പറവൂർ, ഇരിങ്ങാലക്കുട, അമ്പലപ്പുഴ എന്നിവിടങ്ങളിലെ സെക്കണ്ട് ക്ലാസ് കോടതികൾ ഫസ്റ്റ് ക്ലാസ് കോടതികളായി ഉയർത്തുകയും ചെയ്തിട്ടുണ്ട്.

(ബി) താമരശ്ശേരി, കൊടുങ്ങല്ലൂർ, വടക്കാഞ്ചേരി, വൈക്കം.

(സി) കോടതികൾ സ്ഥാപിക്കുന്നതു സംബന്ധിച്ച് അവസാന തീരുമാനമായിട്ടില്ല.

പോലീസ് സേനയിലേക്ക് നടന്ന റിക്രൂട്ട്മെൻറ്

*14[14] ശ്രീ. പി. ബി. ആർ. പിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിലേക്ക് ഈ അടുത്ത കാലത്ത് നടന്നതായ റിക്രൂട്ട്മെൻറിൽ അഴിമതി നടന്നിട്ടുള്ളതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധമായ എത്ര പരാതികൾ ഗവൺമെൻറിന് ലഭിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം പോലീസ് റിക്രൂട്ട്മെൻറിൽ നടന്നതായി പറയപ്പെടുന്ന ആരോപണങ്ങളെ സംബന്ധിച്ച് ഗവൺമെൻറ് എന്തെല്ലാം നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇക്കാര്യത്തിൽ നിഷ്പക്ഷവും നീതിപൂർവ്വകവുമായ ഒരു അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ, ബി) സംസ്ഥാന പോലീസ് സേനയിലേക്ക് ഈ അടുത്ത കാലത്ത് നടന്ന റിക്രൂട്ട്മെന്റിനെപ്പറ്റി 9 പരാതികളും കിട്ടിയിട്ടുണ്ട്.

(സി) ഈ പരാതികളെക്കുറിച്ച് അന്വേഷണം നടത്തി മേൽ നടപടികളും സ്വീകരിക്കുകയും പരാതിക്കാർക്ക് മറുപടി കൊടുക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) വേണ്ട നടപടികളും എടുത്തു കഴിഞ്ഞ സ്ഥിതിക്ക് വീണ്ടും ഒരു അന്വേഷണത്തിന്റെ ആവശ്യമില്ല.

'കൈരളി'യെക്കുറിച്ചുള്ള അന്വേഷണം

*15[15] ശ്രീ. ചടയൻ ഗോവിന്ദൻ:

,, പി. കരുണാകരൻ:

,, പിണറായി വിജയൻ:

,, എം. വി. രാഘവൻ:

,, ടി. കെ. അബ്ദു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഷിപ്പിംഗ് കോർപ്പറേഷന്റെ വക കപ്പലായ കൈരളി കാണാതായ വിവരം എന്നാണ് ഗവൺമെന്റിനെ അറിയാൻ കഴിഞ്ഞത്;

(ബി) എന്നുമുതൽ ഏതെല്ലാം രൂപത്തിലുള്ള അന്വേഷണങ്ങളും ഗവൺമെന്റ് നടത്തി; അന്വേഷണങ്ങളും ഏതു ഘട്ടത്തിൽ ഇരിക്കുന്നു;

(സി) കപ്പൽ നഷ്ടപ്പെട്ട വിവരം കേന്ദ്രഗവൺമെന്റിനെ അറിയിച്ചതും അന്വേഷണം നടത്തുന്നതിനുള്ള അഭ്യർത്ഥന കേന്ദ്രത്തോടു നടത്തിയതും ഏതു തീയതിക്കാണ്;

(ഡി) കപ്പലിൽ ആകെയുണ്ടായിരുന്ന ജീവനക്കാർ എത്ര; കപ്പൽ കാണാതായതിനുശേഷം ജീവനക്കാരുടെ ശമ്പളം അവരുടെ കുടുംബാംഗങ്ങൾക്ക് നൽകിയിട്ടുണ്ടോ;

(ഇ) അന്വേഷണത്തിന് ഇതുവരെ എന്തു തുക ചെലവായി;

(എഫ്) കപ്പലിലെ ജീവനക്കാരുടെ ആശ്രിതർക്ക് നഷ്ട പരിഹാരം കൊടുക്കുന്നതു സംബന്ധിച്ച നടപടികളും എവിടംവരെയായി;

(ജി) നഷ്ടപരിഹാരത്തുക എത്രയെന്നു നിശ്ചയിച്ചു കഴിഞ്ഞോ; എപ്പോൾ വിതരണം നടത്താൻ കഴിയും?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) 12-7-1979-നാണ് കൈരളി നേരത്തെ നിശ്ചയിച്ചിരുന്ന പ്രകാരം 8-7-1979-നു വൈകുന്നേരം ജിബുട്ടിയിൽ എത്തിയില്ലെന്ന വിവരം ഗവൺമെന്റിനറിയാൻ കഴിഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly